روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

## ഇസ്തിആദ

07/01/2021

بسم الله الرحمن الرحيم

- വിശുദ്ധ ക്വുർആൻ പഠിക്കുമ്പോൾ ആദ്യം തന്നെ മനസ്സിലാക്കേണ്ട രണ്ടു കാര്യങ്ങളാണ് ഇസ്തിആദയും ബസ്മലയും.
- ഇന്നത്തെ ഖുത്ത്ബ ഇസ്തിആദയെക്കുറിച്ചാണ്.
- അഊദു ഓതൽ അഥവാ അൽ ഇസ്തിആദത് اَلِاسْتِعَاذَةِ എന്നാൽ ശപിക്കപ്പെട്ട ശൈത്വാനിൽ നിന്ന്/പിശാചിൽ നിന്ന് അല്ലാഹുവിനോട് കാവൽ തേടലാണ്
- എല്ലാ തരം തിന്മകളിൽ നിന്നുമുള്ള കാവൽ തേട്ടവും ഇസ്തിആദത്തിന്റെ പരിധിയിൽ വരും.
- തിന്മകൾ എല്ലാം പൈശാചികമാണല്ലോ? സ്വന്തം മനസ്സിനെ വിമലീകരിക്കുക എന്ന ആത്മാർത്ഥമായ ആഗ്രഹത്തോടും തീരുമാനത്തോടും കൂടിയായിരിക്കണം തിന്മകളിൽ നിന്ന് അല്ലാഹുവിനോട് കാവൽ തേടുന്നതിനുള്ള വചനങ്ങൾ ഉരുവിടേണ്ടത്.
- ദുരന്തങ്ങൾ, ആപത്തുകൾ, രോഗങ്ങൾ തുടങ്ങിയ കെടുതികളിൽ നിന്നെല്ലാം കാവൽ നൽകുന്നവൻ അല്ലാഹു തന്നെ.

❖ **അഊദു ചൊല്ലുന്നതിന്റെ അർത്ഥം.**

أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ

'ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് കാവൽ തേടുന്നു'

❖ **ഇസ്തിആദത്തിന്റെ വിവിധ രൂപങ്ങൾ**

- പല രീതികൾ ഇസ്തിആദത്തിനായി പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.
- ഏറ്റവും കൂടുതൽ വന്നത്.

✓ أعوذ بالله السميع العليم من الشيطان الرجيم

✓ أعوذ بالله اللطيف الخبير من الشيطان الرجيم

✓ أعوذ بالله العظيم من الشيطان الرجيم

✓ وَعَنْ أَبِي سَعِيدٍ الْخُدْرِيِّ عَنِ النَّبِيِّ ﷺ: أَنَّهُ كَانَ إِذَا قَامَ إِلَى الصَّلَاةِ اسْتَفْتَحَ، ثُمَّ يَقُولُ :أَعُوذُ بِاللَّهِ السَّمِيعِ الْعَلِيمِ مِنَ الشَّيْطَانِ الرَّجِيمِ، مِنْ هَمْزِهِ وَنَفْخِهِ وَنَفْثِهِ (أحمد)

❖ **അഊദു ചൊല്ലുന്നതെപ്പോൾ?**

(وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِ إِنَّهُ سَمِيعٌ عَلِيمٌ) (سورة الأعراف: ٢٠٠)

(فَإِذَا قَرَأْتَ الْقُرْآنَ فَاسْتَعِذْ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ) (سورة النحل:٩٨)

❖ **അഊദു ചൊല്ലുന്ന വിഷയത്തിൽ മൂന്ന് അഭിപ്രായങ്ങൾ ഉണ്ട്.**

1. **ക്വുർആൻ പാരായണത്തിന് ശേഷമാണ് അഊദു ഓതേണ്ടത്.**

- സൂറത്തു നഹ്ൽ 98 മത്തെ ആയത്തിന്റെ ബാഹ്യാർത്ഥമാണ് അവർക്കുള്ള തെളിവ്.
- ഒരു ഇബാദത്ത് നിർവഹിച്ചാൽ അഹംഭാവമുണ്ടാകുന്നത് തടയുക കൂടിയാണ് ഇങ്ങനെ ചെയ്യുന്നത്.

2. **ആദ്യത്തിലും അവസാനത്തിലും ചൊല്ലുക എന്നതാണ് മറ്റൊരു അഭിപ്രായം.**
3. **പാരായണ വേളയിൽ**

കൂടുതൽ പണ്ഡിതന്മാർ പറയുന്നതും പ്രസിദ്ധവുമായത് ക്വുർആൻ പാരായണത്തിന്റെ ആദ്യത്തിലാണ് അഊദു ചൊല്ലേണ്ടത്. പാരായണ വേളയിലെ ദുർമന്ത്രണങ്ങളെ അകറ്റാൻ വേണ്ടിയത്രെ അങ്ങനെ ചെയ്യുന്നത്.

(فَإِذَا قَرَأْتَ الْقُرْآنَ فَاسْتَعِذْ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ) (سورة النحل:٩٨)

എന്ന ആയത്തിന് അവർ നൽകുന്ന വിവക്ഷ പാരായണത്തിന് ഉദ്ദേശിച്ചാൽ എന്നാണ്. സൂറത്തു മാഇദയിലെ ആറാമത്തെ ആയത്തായ

(يَاأَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلاةِ...)

"സത്യ വിശ്വാസികളെ നിങ്ങൾ നമസ്കാരത്തിന് ഉദ്ദേശിച്ചാൽ..." (മായിദ) എന്ന വചനത്തിലും ഇതേ വിവക്ഷയാണ് നൽകപ്പെട്ടിട്ടുള്ളത്.

❖ **അഊദു ചൊല്ലുന്നതിന്റെ വിധി**

1. നിർബന്ധമാണ് എന്നു പറഞ്ഞ പണ്ഡിതന്മാരുണ്ട്. ആയത്തിലുള്ളത് കൽപ്പനയാണ് എന്നതാണ് അവരുടെ വാദം. (ഇബ്നു ഹസം അദ്ദാഹിരി)
2. ഭൂരിപക്ഷ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ അഊദു ചൊല്ലുന്നത് സുന്നത്താണ്. നബി (സ്വ) അത് പതിവായി ചൊല്ലിയിരുന്നു. (ഇബ്നു ഉമർ, അബൂ ഹുറൈറ (റ) വിൽ നിന്നും സ്വഹീഹായ ഹദീസുകൾ വന്നിട്ടുണ്ട് )
3. ഫർദ് കിഫായ അല്ല. എല്ലാവരും ഓതണം. പ്രത്യേകിച്ച് നമസ്കാരങ്ങളിൽ.

## ❖ ആരാണ് പിശാച് ?

- ശത്വന എന്ന പദത്തിൽ നിന്നും നിഷ്പന്നമായിട്ടുള്ളതാണ് ശൈത്വാൻ എന്നത്. അകന്നവൻ എന്നാണതിന്റെ അർത്ഥം. എല്ലാ വിധ നന്മകളിൽ നിന്നും വിട്ടു നിൽക്കുന്നവൻ എന്നാണ് വിവക്ഷ.
- അല്ലെങ്കിൽ ശാത്വ എന്ന പദത്തിൽ നിന്നും ഉടലെടുത്തതാകാം. ശൈത്വാൻ എന്നത്. അതിന്റെ അർത്ഥം കത്തുന്നത് എന്നാണ്. പിശാച് തിയ്യിൽ നിന്നും സൃഷ്ടിക്കപ്പെട്ടു എന്നതാകാം അപ്പോൾ അതു കൊണ്ടു വിവക്ഷിക്കുന്നത്.

## ❖ റജീം

എല്ലാ വിധ നന്മകളിൽ നിന്നും ആട്ടിയോടിക്കപ്പെട്ടവൻ.

وَمَا هُوَ بِقَوْلِ شَيْطَانٍ رَجِيمٍ (التكوير: ٢٥)

- ആദമിന് സുജൂദ് ചെയ്യാൻ പറഞ്ഞത് അനുസരിച്ചില്ല അപ്പോൾ പിശാചിനോട് പറഞ്ഞത്.

قَالَ فَاخْرُجْ مِنْهَا فَإِنَّكَ رَجِيمٌ (الحجر: ٣٤.)

لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ وَاهْجُرْنِي مَلِيًّا (مريم: ٤٦.)

## ❖ മനുഷ്യന്റെ ശത്രു.

- മനുഷ്യന്റെ ശത്രുവായി ക്വുർആൻ പരിചയപ്പെടുത്തിയവനാണ് പിശാച്.
- മനുഷ്യാരംഭം മുതൽ നമ്മുടെ ശത്രുവാണ് പിശാചും അവന്റെ സന്താന പരമ്പരയും.
- അവരുടെ ലക്ഷ്യമാണ് മനുഷ്യരെ വഴി തെറ്റിക്കുക എന്നത്.

قَالَ فَبِمَا أَغْوَيْتَنِي لَأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ (١٦) ثُمَّ لَآتِيَنَّهُمْ مِنْ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَانِهِمْ وَعَنْ شَمَائِلِهِمْ وَلَا تَجِدُ أَكْثَرَهُمْ شَاكِرِينَ (١٧) (أعراف)

يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُمْ مِنَ الْجَنَّةِ (أعراف: ٢٧)

## ❖ ശകാരമല്ല വേണ്ടത്.

- പിശാചിനെ ശകാരിക്കുകയല്ല വിശ്വാസി ചെയ്യേണ്ടത്.
- മറിച്ച് അഭയ തേടുമാണ് വേണ്ടത്
- ഒരു വ്യക്തി നബി (സ്വ) യുടെ കൂടെ കഴുതപ്പുറത്ത് സഞ്ചരിക്കുന്നു. കഴുത കാല് തെറ്റി വീഴാറായി. അപ്പോൾ ആ വ്യക്തി പറഞ്ഞു.

عَنْ رِدْفِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، أَنَّهُ كَانَ رِدْفَهُ فَعَثَرَتْ بِهِ دَابَّتُهُ فَقَالَ: تَعِسَ الشَّيْطَانُ، فَقَالَ: " لَا تَفْعَلْ، فَإِنَّهُ يَتَعَاظَمُ إِذَا قُلْتَ ذَلِكَ، حَتَّى يَصِيرَ مِثْلَ الْجَبَلِ، وَيَقُولُ: بِقُوَّتِي صَرَعْتُهُ، وَإِذَا قُلْتَ: بِسْمِ اللهِ، تَصَاغَرَ حَتَّى يَكُونَ مِثْلَ الذُّبَابِ "

നബി (സ്വ) അയളോട് പറഞ്ഞത് അങ്ങനെ നീ പറയരുത്. അങ്ങനെ പറഞ്ഞാൽ പൈശാചിക ശൈത്വാൻ സ്വയം പെരുമ നടിക്കും. ഒരു മലയോളം അവൻ വളർന്ന നിൽക്കും എന്റെ കഴിവു കൊണ്ടാണ് ആ കഴുതയെ മറിച്ചിട്ടത്. എന്നാൽ നീ ബിസ്മില്ല എന്ന പറയുക. അങ്ങനെ പറഞ്ഞാൽ പിശാച് ഈച്ചയോളം കൊച്ചാകും.

### ❖ പിശാചിനെ നിങ്ങൾ ചീത്ത പറയരുത്.

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ: قَالَ رَسُولُ اللهِ صلى الله عليه وسلم: لَا تَسُبُّوا الشَّيْطَانَ , وَتَعَوَّذُوا بِاللهِ مِنْ شَرِّهِ (صحيح الجامع)

നിങ്ങൾ പിശാചിനെ ചീത്ത പറയരുത്. അവന്റെ തിന്മയിൽ നിന്ന് അല്ലാഹുവോട് രക്ഷ ചോദിക്കുക.

### ❖ അഊദു ചൊല്ലേണ്ടത് എപ്പോൾ

**1. ദേഷ്യം വന്നാൽ അതിൽ നിന്ന് മുക്തമാവാൻ**

حَدَّثَنَا سُلَيْمَانُ بْنُ صُرَدٍ قَالَ اسْتَبَّ رَجُلَانِ عِنْدَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَجَعَلَ أَحَدُهُمَا يَغْضَبُ وَيَحْمَرُّ وَجْهُهُ فَنَظَرَ إِلَيْهِ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ إِنِّي لَأَعْلَمُ كَلِمَةً لَوْ قَالَهَا لَذَهَبَ ذَا عَنْهُ أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ

നബി (സ്വ) യുടെ അടുക്കൽ രണ്ടാളുകൾ പരസ്പരം ചീത്ത വിളിച്ചു. അവരിലൊരാൾ കോപിക്കുകയും അവന്റെ മുഖം ചുവക്കുകയും ചെയ്തു. നബി (സ്വ) അയാളെ നോക്കി പറഞ്ഞു. എനിക്കറിയാവുന്ന ഒരു വാക്ക് അവൻ പറഞ്ഞിരുന്നെങ്കിൽ അവന് ബാധിച്ചത് നീങ്ങിപ്പോകുമായിരുന്നു. അഊദു ബില്ലാഹി മിനശൈത്വാനി റജീം എന്നാണത്.

**2. മസ്ജിദിൽ പ്രവേശിക്കുമ്പോൾ**

أَعُوذُ بِاَللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنْ الشَّيْطَانِ الرَّجِيمِ

**3. ഉറക്കത്തിൽ പേടിച്ച ഉണർന്നാൽ**

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّةِ مِنْ غَضَبِهِ وَعِقَابِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضُرُونِ

**4. നമസ്കാരത്തിൽ പ്രവേശിച്ചാൽ (പ്രാരംഭ പ്രാർത്ഥന ചൊല്ലിയ ശേഷം),**

عَنْ نَافِعِ بْنِ جُبَيْرِ بْنِ مُطْعِمٍ، عَنْ أَبِيهِ، قَالَ: سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ حِينَ افْتَتَحَ الصَّلَاةَ، قَالَ: " اللهُ أَكْبَرُ كَبِيرًا - ثَلَاثًا - الْحَمْدُ لِلَّهِ كَثِيرًا (١) ، سُبْحَانَ اللهِ بُكْرَةً وَأَصِيلًا - ثَلَاثًا - اللهُمَّ، إِنِّي أَعُوذُ بِكَ مِنَ الشَّيْطَانِ مِنْ هَمْزِهِ وَنَفْثِهِ وَنَفْخِهِ (ابوداوود)

5. **ശരീര ഭാഗങ്ങളിൽ വേദനയുണ്ടാവുമ്പോൾ**

بِسْمِ اللَّهِ أَعُوذُ بِعِزَّةِ اللَّهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ

6. **രോഗിക്ക് വേണ്ടി മന്ത്രിക്കുമ്പോൾ :**

بِاسْمِ اللَّهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ مِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ اللَّهُ يَشْفِيكَ بِاسْمِ اللَّهِ أَرْقِيكَ

സാരം: രോഗിക്ക് മന്ത്രിക്കുമ്പോൾ താഴെ ചേർത്ത ദുആ ചൊല്ലുക: അല്ലാഹുവിന്റെ നാമത്തിൽ അസൂയാലുവിന്റെ ദൃഷ്ടിയിൽ നിന്നും താങ്കളെ ബുദ്ധിമുട്ടിക്കുന്ന സകല കാര്യങ്ങളിൽ നിന്നും നിന്നെ ഉപദ്രവിക്കുന്ന എല്ലാ നഫ്സിൽ നിന്നും മുക്തമാക്കുന്നതിനു താങ്കളെ അല്ലാഹു വിന്റെ നാമത്തിൽ ഞാൻ റുഖ്‌യ നടത്തുന്നു.അല്ലാഹു താങ്കൾക്കു ഷിഫാ നൽകും . അല്ലാഹു വിന്റെ നാമത്തിൽ ഞാൻ താങ്കൾക്കു റുഖ്‌യ നടത്തുന്നു.

7. **വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ**

عَنْ أَنَسِ بْنِ مَالِكٍ ـ رضى الله عنه ـ قَالَ كَانَ النَّبِيُّ صلى الله عليه وسلم إِذَا دَخَلَ الْخَلاَءَ قَالَ : اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ.

**കാവൽതേടേണ്ട ധാരാളം സന്ദർഭങ്ങൾ നബി (സ) പഠിപ്പിച്ചിട്ടുണ്ട്.**

❖ **അഊദു ചൊല്ലുന്നതിന്റെ ആത്മീയ രഹസ്യങ്ങൾ**

1. വ്യർത്ഥവും കുറ്റകരവുമായി സംസാരിക്കുന്ന വായയെ ശുദ്ധീകരിച്ച് പരിശുദ്ധമാക്കുന്നു.
2. അല്ലാഹുവിന്റെ വചനം പാരായണം ചെയ്യാൻ പ്രത്യേകം തയ്യാറെടുക്കുന്നു.
3. അല്ലാഹുവോട് അഭയം ചോദിക്കുന്നു.
4. അല്ലാഹുവിന്റെ മഹത്വത്തെ അംഗീകരിക്കുകയും പ്രത്യേക ശത്രുവായ പിശാചിനെ നേരിടുന്നതിന് അടിമക്കുള്ള ശേഷിക്കുറവും ദുർബലതയും ഏറ്റു പറയുകയും ചെയ്യുന്നു.

❖ **ശരണ തേട്ടം ചില ഉദാഹരണങ്ങൾ**

1. **യൂസുഫ് നബി (അ)**

قَالَ مَعَاذَ اللَّهِ إِنَّهُ رَبِّي أَحْسَنَ مَثْوَايَ إِنَّهُ لَا يُفْلِحُ الظَّالِمُونَ (٢٣)

2. **മൂസാ നബി (അ)**

وَإِذْ قَالَ مُوسَى لِقَوْمِهِ إِنَّ اللَّهَ يَأْمُرُكُمْ أَنْ تَذْبَحُوا بَقَرَةً قَالُوا أَتَتَّخِذُنَا هُزُوًا قَالَ أَعُوذُ بِاللَّهِ أَنْ أَكُونَ مِنَ الْجَاهِلِينَ (٦٧)

**3. നൂഹ് നബി (സ്വ) മകന് വേണ്ടി ദുആ ചെയ്തപ്പോൾ**

قَالَ رَبِّ إِنِّي أَعُوذُ بِكَ أَنْ أَسْأَلَكَ مَا لَيْسَ لِي بِهِ عِلْمٌ وَإِلَّا تَغْفِرْ لِي وَتَرْحَمْنِي أَكُنْ مِنَ الْخَاسِرِينَ (٤٧)

**4. മർയം ബീവി**

قَالَتْ إِنِّي أَعُوذُ بِالرَّحْمَنِ مِنْكَ إِنْ كُنْتَ تَقِيًّا (١٨) قَالَ إِنَّمَا أَنَا رَسُولُ رَبِّكِ لِأَهَبَ لَكِ غُلَامًا زَكِيًّا (١٩)

**5. മുഹമ്മദ് നബി (സ്വ)**

وَقُلْ رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ

قُلْ أَعُوذُ بِرَبِّ الْفَلَقِ

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക: https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക. https://sufaraulislam.com/index